# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1588

03/05/2017 -ലെ മറുപടി

## ടി.എസ്. കനാലിന്റെ തീരങ്ങൾ പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുന്നതിന് നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ. ആർ. രാമചന്ദ്രൻ** | | **പിണറായി വിജയൻ<br>( മുഖ്യമന്ത്രി )** |
| എ. | ദേശീയ ജലപാതയുടെ ഭാഗമായ ടി.എസ്. കനാലിന്റെ തീരങ്ങൾ പാർശ്വഭിത്തി കെട്ടി സംരക്ഷിക്കാത്തതു മൂലം കരയിടിയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ. | ടി.എസ്. കനാൽ ദേശീയജലപാത - 3 ന്റെ ഭാഗമാണ്. ദേശീയ ജലപാതയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ഇൻലാന്റ് വാട്ടർ വേ അതോറിറ്റി ഓഫ് ഇന്ത്യ (IWAI) ആണ് നടപ്പിലാക്കുന്നത്. |
| ബി | ജലപാതയുടെ ആഴം കൂട്ടിയതിനെത്തുടർന്ന്, കുലശേഖരപുരം ഗ്രാമപഞ്ചായത്തിലെ 21, 22, 23 വാർഡുകളിലെ ടി.എസ്. കനാലുമായി ചേരുന്ന ഭാഗങ്ങൾ, തീരമിടിഞ്ഞ് പുരയിടങ്ങളിലേക്ക് ഉപ്പുവെള്ളം കയറി, വീടും കൃഷിയും നശിക്കുന്നത് പരിഹരിക്കുന്നതിന് നാളിതുവരെ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ ; | ബി | കുലശേഖരപുരം ഗ്രാമ പഞ്ചായത്തിലെ 21, 22, 23 വാർഡുകളിലെ ടി.എസ്. കനാലുമായി ചേരുന്ന ഭാഗങ്ങളിലേയ്ക്ക് ഉപ്പ വെള്ളം കയറി കൃഷി നശിക്കുന്നത് പരിഹരിക്കുന്നതിനായി ഷട്ടർ നിർമ്മിക്കുന്നതിനുള്ള നടപടി പൂർത്തിയായി വരുന്നു. |
| സി | കരയിടിയുന്നതു മൂലം ജലപാതയുടെ ആഴം വീണ്ടും കുറയുന്നതും കരഭാഗം നഷ്ടപ്പെടുന്നതും പരിഹരിക്കുന്നതിന് അടിയന്തിരമായി നടപടി സ്വീകരിക്കുമോ ; വിശദീകരിക്കുമോ ? | സി. | കരുനാഗപ്പള്ളി - കുലശേഖരപുരം ഭാഗത്ത് കൂടി കടന്ന് പോകുന്ന ടി.എസ്. കനാൽ ദേശീയജലപാത - 3 ന്റെ ഭാഗമാണ്. ദേശീയ ജലപാതയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ഇൻലാന്റ് വാട്ടർവേ അതോറിറ്റി ഓഫ് ഇന്ത്യ (IWAI) ആണ് നടപ്പിലാക്കി വരുന്നത്. |

സെക്ഷൻ ഓഫീസർ